# കനലാറാത്ത ചിത



കെട്ടടങ്ങുന്നു മുന്നി–
  ലിച്ചിതാഗ്നി തൻ നാളം
കെട്ടടങ്ങാതെയുള്ളി–
  ലമ്മ തൻ സ്മൃതി മാത്രം.

ഇതിലേയേകാന്തമാം
  കല്പടവികൾക്കൂടി
മൃതിയിന്നലെ നഗ്ന–
  പാദനായണഞ്ഞതും

നനവാർന്നൊരീ വെള്ള–
  മണലിൽക്കാണും നീണ്ട
പദമുദ്രയും, നേർത്തു
  നേർത്തുപോയ് മറയുന്ന

വഴിയും, വഴിവക്കിൽ
  പൂത്ത പൊന്നശോകത്തിൻ
തണലും, തണലത്തു
  ശാന്തമായുറങ്ങുമീ–

യസ്ഥിമാടത്തിൻ പരി–
  ശുദ്ധിതൻ സുദന്ധം പോൽ
ഇപ്പൊഴുമെന്നാത്മാവിൽ
  നിറയും വെളിച്ചവും

ഓർത്തിരിക്കുന്നു വീണ്ടും
  മൗനമേ, നീയും ഞാനും
ആർത്തിരമ്പുമീ ക്കാല–
  സിന്ധുവിൻ തീരങ്ങളിൽ.

ഭൂതകാലത്തിൻ ദുഃഖ–
  സാന്ദ്രമാമേതോ യക്ഷ–
ഗാനമീത്തെക്കൻ കാറ്റിൽ
  നീന്തിവന്നെത്തും നേരം

അരികത്താണെങ്കിലു–
  മകലത്തെങ്ങോ നോക്കി

ഇരുളിൽ കൂനിക്കൂടി–
യന്യരെപ്പോലീരാവിൽ

ഇടവപ്പാതിക്കാറ്റിൽ,
മഴയിൽ, കൂലം കുത്തി–
യൊഴുകിപ്പോകുന്നൊരീ–
പ്പുഴതൻ കരയ്ക്കൊന്നും

ഉരിയാടാതെ, മുട്ടി–
യുരുമ്മിക്കൊണ്ടേ നമ്മ–
ളിരിപ്പൂ വാചാലമാം
മൗനമേ, നീയും ഞാനും.

കെട്ടടങ്ങുന്നു മുന്നി–
ലിച്ചിതാഗ്നി തൻ നാളം
കെട്ടടങ്ങാതെയുള്ളി–
ലമ്മ തൻ നിഴൽ മാത്രം.

ഓർമ്മ തൻ സഹ്യാദ്രിയിൽ
മുട്ടിനിൽക്കുമെൻ വർഷ–
മേഘമേ, വരൂ വന്നു
താണു പെയ്യുക വേഗം.

താഴ്‌വരത്തടത്തിലൂ–
ടൊഴുകിപ്പോകും നിന്റെ
തീരത്തു കൈയിൽക്കട–
ലാസുതോണിയുമായി

വന്നു നിൽക്കുവാൻ മോഹം!
എന്നുമീയോളങ്ങളിൽ
മുങ്ങുവാനല്ലോ, മുങ്ങി–
പ്പൊങ്ങുവാനല്ലോ യോഗം.

കെട്ടടങ്ങുന്നു മുന്നി–
ലിച്ചിതാഗ്നി തൻ നാളം
കെട്ടടങ്ങാതെയുള്ളി–
ലോർമ്മ തൻ കനൽ മാത്രം. ■

മാതൃഭൂമി ആഴ്ചപ്പതിപ്പ് 22 June 1992